# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

**(Under the Holy Apostolic See of Antioch and All the East) Reg. No. ER/308/07**


Circular to All Sunday School and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

MJSSA HEAD QUARTERS,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150


Circular No.M/C/09/2025

Date : 15.04.2025

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,

**എം.ജെ.എസ്.എസ്.എ. പുത്തൻകുരിശ് കേന്ദ്ര ആസ്ഥാനത്ത് 2025 ഏപ്രിൽ 27 ഞായറാഴ്ച വൈകിട്ട് 3.00 മുതൽ 4.45 വരെ പരി. സഭയുടെ നവാഭിഷിക്തനായ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവായ്ക്ക് സ്വീകരണവും അനുമോദന സമ്മേളനവും നടത്തപ്പെടുന്നു. അനുമോദന സന്ദേശം നൽകുന്നത് ജസ്റ്റിസ് കുര്യൻ ജോസഫ്**(റിട്ട. ജസ്റ്റിസ് സുപ്രീം കോർട്ട് ഓഫ് ഇന്ത്യ)അവർകളാണ്. 1995 - 2003 കാലഘട്ടത്തിൽ സൺഡേസ്കൂൾ പ്രസ്ഥാനത്തെ ആഗോളതലത്തിൽ വ്യാപരിപ്പിച്ച എം.ജെ.എസ്.എസ്.എ. പ്രസിഡന്റായിരുന്ന ശ്രേഷ്ഠ പിതാവിനെ ആദരിക്കുന്ന ടി ചടങ്ങിൽ കേന്ദ്ര, ഭദ്രാസന, ഡിസ്ട്രിക്റ്റ്, സ്കൂൾതല ഭാരവാഹികളും എല്ലാ അദ്ധ്യാപകരും കഴിയുന്നത്ര വിദ്യാർത്ഥികളും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ അറിയിക്കുന്നു. തുടർന്നു നടക്കുന്ന സ്നേഹവിരുന്നിലേക്കും ഏവരേയും ക്ഷണിച്ചുകൊള്ളുന്നു. പങ്കെടുക്കുന്നവരുടെ എണ്ണം ഭദ്രാസന ഡയറക്ടർമാർ മുൻകൂട്ടി അറിയിക്കുമല്ലോ.

മലങ്കര യാക്കോബായ സിറിയൻ സൺഡേ സ്കൂൾ അസ്സോസിയേഷൻ **ദേശീയ വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പും നിഖ്യാസുന്നഹദോസിന്റെ 1700 – ാം വാർഷികവും മണർകാട് സെന്റ് മേരീസ് സൺഡേസ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വി. ദൈവമാതാവിന്റെ സൂനോറൊ സ്ഥിതിചെയ്യുന്ന ആഗോള മരിയൻ തീർത്ഥാടന കേന്ദ്രമായ മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് 2025 മെയ് 10, 11 ശനി, ഞായർ തീയതികളിൽ**, എം.ജെ.എസ്.എസ്.എ. പ്രസിഡന്റ് **അഭി. ഡോ. മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്ത, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത** എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**ചിന്താവിഷയം – "കർത്താവായ യേശുമിശിഹായെ ധരിക്കണം"**(റോമർ 13:14)

ആധുനിക കാലഘട്ടത്തിൽ **പഠനമേഖലയിലെ പുതിയ തലങ്ങൾ പരിചയപ്പെടുത്തുന്നതിനും ലഹരിവിമുക്ത സമൂഹത്തെ വളർത്തിയെടുക്കുന്നതിനും ആത്മീയവളർച്ചയ്ക്കും ഉതകുന്ന ഈ ക്യാമ്പിൽ, 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ പങ്കെടുപ്പിക്കു**വാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

ക്യാമ്പിന്റെ ഉദ്ഘാടനാനന്തരം **എ.ഡി. 325 ൽ നിഖ്യായിൽ കൂടിയ പൊതുസുന്നഹദോസിന്റെ 1700 – മത് വാർഷികവും സിമ്പോസിയവും പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭി. ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത നയിക്കുന്നു.** ഈ വാർഷിക ചടങ്ങിലേക്ക് കഴിയുന്നത്ര കേന്ദ്ര, ഭദ്രാസന, ഡിസ്ട്രിക്റ്റ് ഭാരവാഹികളും അദ്ധ്യാപകരും പങ്കെടുക്കേണ്ടതാണ്.

കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളിലെ ഇടവകകൾ സന്ദർശിക്കുമ്പോൾ, സൺഡേസ്കൂൾ നടത്തിപ്പിനെക്കുറിച്ച് അന്വേഷിക്കുകയും ക്ലാസ്സുകളിൽ കടന്നുചെന്ന് പഠിപ്പിക്കുകയും ചെയ്യുമായിരുന്ന മലങ്കര സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷനെ സ്വപ്രാണനുസമം കരുതിയിരുന്ന **ഗർജ്ജിക്കുന്ന സിംഹം എന്നറിയപ്പെട്ടിരുന്ന മീഖായേൽ മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും, മലങ്കര മെത്രാപ്പോലീത്തയായിരുന്ന പരി. പൗലോസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായും, കബറടങ്ങിയിരിക്കുന്ന പാണമ്പാടി സെന്റ് മേരീസ് പള്ളിയിലേക്ക് ഈ ക്യാമ്പിൽ നിന്നും തീർത്ഥയാത്ര** നടത്തുന്നതാണ്.

മോട്ടിവേഷൻ ട്രെയിനേഴ്സ് ഉൾപ്പടെ പ്രഗത്ഭരായവർ ക്ലാസ്സെടുക്കുന്ന ഈ ദ്വിദിന ക്യാമ്പിൽ, ആദ്യം രജിസ്റ്റർ ചെയ്യുന്ന **200 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി, മെയ് മാസം 10 – ാം തീയതി രാവിലെ 9.30 മുതൽ 11 – ാം തീയതി ഉച്ചക്ക് 1.00മണിക്ക് അവസാനിപ്പിക്കത്തക്കവണ്ണം ക്രമീകരിച്ചിരിക്കുന്നു.**

മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതിന് താഴെ പറയുന്ന ഭാരവാഹികളുമായി ബന്ധപ്പെടുക

**ക്യാമ്പ് ഡയറക്ടർ – ശ്രീ എൻ.എ. ജോസ് (എം.ജെ.എസ്.എസ്.എ. സെക്രട്ടറി – 9447232088)**

**ക്യാമ്പ് ജോ.ഡയറക്ടർ – ശ്രീ. അവിനേഷ് തണ്ടാശ്ശേരി(കോട്ടയം ഭദ്രാസന ഡയറക്ടർ – 9061200790, 9447768062)**

കർത്താവിൽ എളിയ ശുശ്രൂഷകൻ,

**പി.വി. ഏലിയാസ്**

ജനറൽ സെക്രട്ടറി - 9446138868